# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

പി.ആർ.ഒ./39/277/2018 2018 ഡിസംബർ 22

## വാർത്താക്കുറിപ്പ്

---

**വിദ്യാർഥി–ഗവേഷണ വികസനത്തിലൂന്നി എം.ജി. സർവകലാശാല ബജറ്റ്**

**തൊഴിലവസരങ്ങളൊരുക്കാൻ രാജ്യാന്തര അക്കാദമിക് കാർണിവൽ; ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ, വിദ്യാർഥികൾക്ക് പുരസ്കാരം**

**– ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യനിർണയം ഓൺലൈനാക്കും**
**– പുതിയ സ്റ്റാറ്റിയൂട്ടറി പഠനവകുപ്പുകൾ**
**– ഗവേഷണ ഫെലോഷിപ്പിനായി മൂന്നു കോടി രൂപ**
**– താത്കാലിക അധ്യാപക നിയമനത്തിന് ടെനുവർ പ്രോഗ്രാം**
**– ജീവനക്കാർക്കായി ഭരണനിയമ പരിശീലനകേന്ദ്രം**
**– പ്രളയബാധിത മേഖലകളിലെ കുടിവെള്ള മലിനീകരണ പ്രശ്നം പരിഹരിക്കാൻ സംരംഭങ്ങൾ**

രാജ്യത്തിനകത്തും പുറത്തും വിദ്യാർഥികൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി രാജ്യാന്തര അക്കാദമിക് കാർണിവൽ സംഘടിപ്പിക്കുന്നതടക്കം വിദ്യാർഥികൾക്കും ഗവേഷകർക്കും കൂടുതൽ മികച്ച സേവനങ്ങൾ ഉറപ്പാക്കി മഹാത്മാ ഗാന്ധി സർവകലാശാല ബജറ്റ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സാമ്പത്തിക കാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രനാണ് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്.

സംസ്ഥാനത്ത് ആദ്യമായാണ് ഒരു സർവകലാശാല രാജ്യാന്തര അക്കാദമിക കാർണിവൽ സംഘടിപ്പിക്കാനൊരുങ്ങുന്നത്. ഗവേഷകർക്ക് ഫെല്ലോഷിപ്പും മറ്റ് ആനുകൂല്യങ്ങളും വേഗത്തിൽ നൽകും. പിഎച്ച്.ഡി. പ്രബന്ധങ്ങൾ ഓൺലൈനായി മൂല്യനിർണയം നടത്തും. പൂർവവിദ്യാർഥി സഹകരണത്തോടെയുള്ള പദ്ധതികൾ നടപ്പാക്കും. വിദ്യാർഥികൾക്ക് മികവിനുള്ള പുരസ്കാരങ്ങൾ നൽകും. അക്കാദമിക മികവ്, മികച്ച പ്രബന്ധം അവതരിപ്പിക്കുന്ന വിദ്യാർഥി, ഗവേഷണ വിദ്യാർഥി, സ്പോർട്സ്, ആർട്സ് മികവ് പുലർത്തുന്ന വിദ്യാർഥി എന്നിവർക്കാണ് പുരസ്കാരങ്ങൾ നൽകുക. വിദ്യാർഥികളുടെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി അക്കാദമിക രചന കളരി സംഘടിപ്പിക്കും. മലയാളഭാഷയ്ക്ക് പ്രാധാന്യം നൽകി 'എന്റെ ഭാഷ' എന്ന പേരിൽ സർവകലാശാല ദ്വൈവാർഷിക സുവനീർ പുറത്തിറക്കും. ഗവേഷണ മേഖലയെ ശക്തിപ്പെടുത്താൻ ഗവേഷണ മൊബിലിറ്റി ഫണ്ട്, സ്പാർക് പ്രോഗ്രാം, സർവകലാശാല വ്യവസായ സംയുക്തസമിതി എന്നിവ ബജറ്റിൽ വിഭാവനം ചെയ്യുന്നു.

ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനായി സർവകലാശാല കാമ്പസിലും മുട്ടം കാമ്പസിലും ഓൺലൈൻ പരീക്ഷകേന്ദ്രം തുടങ്ങും. പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്കു കൂടി പ്രയോജനപ്പെടുംവിധം

താത്കാലിക അധ്യാപക നിയമനത്തിന് ടെണ്ടർ പ്രോഗ്രാം നടപ്പാക്കും . ജീവനക്കാർക്ക് ഭരണനിയമങ്ങളിൽ പരിശീലനം നൽകുന്നതിന് പരിശീലനകേന്ദ്രം സ്ഥാപിക്കാൻ ബജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ട്. സർവകലാശാലയുടെ സേവനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തികൾ ഊർജ്ജിതമാക്കുന്നതിനുമായി അഡ്മിനിസ് ട്രേറ്റീവ്-ഫിനാൻഷ്യൽ എനർജി , ഇ-ഓഡിറ്റ് എന്നിവ നടപ്പാക്കും. സർവകലാശാല കാമ്പസിനെ മാലിന്യമുക്തമാക്കി മാറ്റുന്നതിനൊപ്പം പ്രളയബാധിത മേഖലകളിലെ കുടിവെള്ള മലിനീകരണ പ്ര ശ്നം പരിഹരിക്കാനുള്ള സംരംഭങ്ങളും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിദ്യാർഥികളുടെ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനായി പരാതി പരിഹാര പോർട്ടൽ തുടങ്ങും. നാനോ സയൻസ്, നാനോടെക്നോളജി, എനർജി മെറ്റീരിയൽ , ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക് സ്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഇക്കണോമിക്സ്, ഹിന്ദി, ജിയോളജി, കൊമേഴ്സ്, മാത്തമാറ്റിക്സ്, സൈക്കോളജി, എന്നീ പഠനവകുപ്പുകൾ പുതുതായി ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തി. ബ്രെയിലി ലിപിയുമായി ബന്ധപ്പെട്ട ഗവേഷണത്തിന് സെന്റർ തുടങ്ങാൻ അഞ്ചുലക്ഷം രൂപ വകയിരുത്തി. ഗവേഷണ ഫെലോഷിപ്പിനായി മൂന്നു കോടി രൂപ വകയിരുത്തി. എം.ഫിൽ പ്രവേശനത്തിന് പൊതുപരീക്ഷാ സംവിധാനം നടപ്പാക്കും . സർവകലാശാലയിലെ വിദേശവിദ്യാർഥികൾക്കായി ഹോസ്റ്റൽ നിർമിക്കുന്നതിന് 50 ലക്ഷം രൂപയും പരീക്ഷവിഭാഗത്തിന്റെ ആധുനികവത്കരണത്തിനായി 40 ലക്ഷം രൂപയും ഓൺലൈൻ മൂല്യനിർണയത്തിനായി 25 ലക്ഷവും പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ നിർമിക്കാനുള്ള പദ്ധതിക്കായി 10 ലക്ഷം രൂപയും ഗവേഷകർക്കുള്ള മൊബിലിറ്റി ഫണ്ടിനായി 10 ലക്ഷം രൂപയും വകയിരുത്തി. അധ്യാപക-അനധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ് സ് നിർമാണത്തിന് രണ്ടുകോടി രൂപ നീക്കിവച്ചു. ജസ്റ്റിസ് വി .ആർ. കൃഷ്ണയ്യരുടെ പേരിൽ ലീഗൽ ക്ലിനിക്ക് തുടങ്ങാൻ 20 ലക്ഷം രൂപ വകയിരുത്തി.

ശാസ്ത്രീയ ഗവേഷണവും അക്കാദമിക പരിപാടികളും ശക്തിപ്പെടുത്തുന്നതിന് മൂന്നു കോടി , സയൻസ് വകുപ്പുകളിലെ ഗവേഷണ സാമഗ്രികൾ വാങ്ങുന്നതിന് 3.5 കോടി, സർവകലാശാല ലൈബ്രറിയിൽ പുസ്തകങ്ങൾ, ഇ-ജേണലുകൾ എന്നിവ വാങ്ങുന്നതിനും ആധുനികവത്കരണത്തിനുമായി 2.5 കോടി, ഗ്രീൻകേരളയുടെ ഭാഗമായി പ്രകൃതി -ജൈവകൃഷിയ്ക്കായി പരമ്പരാഗതസൂക്ഷ്മാണുക്കളെ ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾക്കായി 37 ലക്ഷം, അക്കാദമിക് കോംപ്ലക് സിന്റെ വികസന പ്രവർത്തികൾക്ക് ആറു കോടി, ഹ്രസ്വകാല അപ്ലൈഡ് പ്രോഗ്രാമുകൾക്ക് ഓട്ടോമേറ്റഡ് പഠന -മൂല്യനിർണയ സംവിധാനമൊരുക്കാൻ ഒരു കോടി , വിദേശസർവകലാശാലകളുമായുള്ള സംയുക്തസംരംഭങ്ങൾക്ക് 10 ലക്ഷം, സ്കൂൾ ഓഫ് ടൂറിസത്തിന് കെട്ടിടം നിർമിക്കാൻ 2.5 കോടി എന്നിങ്ങനെ സർക്കാരിന്റെ പദ്ധതി വിഹിതത്തിൽനിന്ന് ബജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ട്.

719.72 കോടി രൂപ ചെലവും 657.38 കോടി രൂപ വരവും പ്രതീക്ഷിക്കുന്നതാണ് ബജറ്റ് . വാർത്താസമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. ആർ. പ്രഗാഷ് എന്നിവർ പങ്കെടുത്തു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രൻ അവതരിപ്പിക്കുന്നു.**

**മഹാത്മാഗാന്ധി സർവകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സംസാരിക്കുന്നു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ എന്നിവർ സമീപം.**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/277/2018 2018 ഡിസംബർ 22

# വാർത്താക്കുറിപ്പ് – 2

---

**പരീക്ഷ തീയതി**

ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യുക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി - ക്രെഡിറ്റ്/സെമസ്റ്റർ) പരീക്ഷകൾ ജനുവരി 11 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 31 വരെയും 500 രൂപ പിഴയോടെ ജനുവരി ഒന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ മൂന്നു വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ സി.വി. ക്യാമ്പ് ഫീസായി 100 രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പ്രാക്ടിക്കൽ**

2018 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടന്ന അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) ബി.എ. വയലിൻ പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 31 മുതൽ ജനുവരി മൂന്നു വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

**പരീക്ഷഫലം**

2018 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) ബ്രാഞ്ച് III കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, പോളിമർ കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി അഞ്ചുവരെ അപേക്ഷിക്കാം.

2018 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. (സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഏഴുവരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.സി.എ. ഇന്റർ കോളേജ് ട്രാൻസ്ഫർ വാങ്ങിയ വിദ്യാർഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി നാലുവരെ അപേക്ഷിക്കാം.

**പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി**

**'സുകൃതം 2018' എൻ.എസ്.എസ്. ക്യാമ്പുകൾക്ക് തുടക്കം**

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ 'സുകൃതം 2018' സപ്തദിന സ്പെഷൽ ക്യാമ്പുകൾ തുടങ്ങി. സർവകലാശാലയ്ക്ക് കീഴിലുള്ള 227 എൻ.എസ്.എസ്. യൂണിറ്റുകളുടെയും ക്യാമ്പുകൾ ആരംഭിച്ചു. സർവകലാശാലതല ഉദ്ഘാടനം കുമരകം വള്ളാറ പള്ളി ബി.സി.എം. പാരിഷ് ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. അഡ്വ. കെ. സുരേഷ് കുറുപ്പ് അധ്യക്ഷത വഹിച്ചു.

മുൻ എം.എൽ.എ. തോമസ് ചാഴികാടൻ, കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. സലിമോൻ, ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹൻ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ.

ആർ. പ്രഗാഷ്, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഗ്രാമപഞ്ചായത്തംഗം ഡോ. മാഗി ജോൺ, പ്രിൻസിപ്പൽമാരായ പ്രൊഫ. ജോസഫീന സൈമൺ, ഡോ. ജി.പി. സുധീർ, ഫാ. ജയിംസ് പൊങ്ങാനയിൽ എൻ.ആർ. ബിനു, വിഷ്ണു ഷാജി, ഫാ. ബൈജു മാത്യു എന്നിവർ പ്രസംഗിച്ചു. കോട്ടയം ബി.സി.എം, ബസേലിയസ്, സി.എം.എസ്., കുമരകം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് കുമരകത്തെ ക്യാമ്പിൽ പങ്കെടുക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് ആറ്റാമംഗലത്തുനിന്ന് ബി.സി.എം. പാരിഷ് ഹാളിലേക്ക് വിളംബരജാഥ നടന്നു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ 'സുകൃതം 2018' സപ്തദിന സ്പെഷൽ ക്യാമ്പുകളുടെ സർവകലാശാലതല ഉദ്ഘാടനം കുമരകത്ത് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ